**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5518** **15-03-2023 - ൽ മറുപടിയ്ക്ക്**

**ചിക് സെക്സിംഗ് ആൻഡ് ഹാച്ചറി മാനേജ്മെന്റ് കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്‌തീൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകളിൽ ഏതെല്ലാം കോഴ്സുകളാണ് ഉള്ളതെന്ന വിശദവിവരം ലഭ്യമാക്കുമോ; | (എ) | 1) സംസ്ഥാനത്ത് ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകൾ മുഖേന കർഷകർക്കും പൊതുജനങ്ങൾക്കുമായി താഴെപ്പറയുന്ന വിഷയങ്ങളിൽ ശാസ്ത്രീയ മൃഗപരിശീലനം നൽകിവരുന്നു.<br><br>മുട്ടക്കോഴി വളർത്തൽ<br><br>ഇറച്ചിക്കോഴി വളർത്തൽ<br><br>കറവപ്പശു പരിപാലനം<br><br>പന്നിവളർത്തൽ<br><br>കാടക്കോഴി വളർത്തൽ<br><br>താറാവ് വളർത്തൽ<br><br>എരുമവളർത്തൽ<br><br>മുയൽ വളർത്തൽ<br><br>ടർക്കിക്കോഴി വളർത്തൽ<br><br>തീറ്റപ്പുൽകൃഷി<br><br>എമു വളർത്തൽ<br><br>വ്യാവസായികാടിസ്ഥാനത്തിൽ പശു വളർത്തൽ<br><br>2) പി.എസ്.സി മുഖേന നിയമിതരായ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കുള്ള ഇൻ-സർവ്വീസ് ട്രെയിനിംഗുകൾ<br><br>3) പത്താം ക്ലാസ് യോഗ്യതയുള്ള, 25 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് തൊഴിൽ സാധ്യത ഉറപ്പാക്കുന്ന ചിക്ക് സെക്സിംഗ് ആൻഡ് ഹാച്ചറി |

| | | | |
|---|---|---|---|
| | | | **മാനേജ്മെന്റ് എന്ന 5 മാസ സ്കിൽ ഡെവലപ്മെന്റ് കോഴ്സ്.**<br><br>**4) വിവിധ സാങ്കേതിക വിഷയങ്ങളിൽ വെറ്റിനറി ഡോക്ടർമാർക്കു നൽകുന്ന പരിശീലനങ്ങൾ.**<br><br>**5) വകുപ്പിലെ വിവിധ കേഡറിലുള്ള ജീവനക്കാർക്കായി വിവിധ വിഷയങ്ങളിൽ നൽകുന്ന പരിശീലനങ്ങൾ.**<br><br>**6) ജന്തുജന്യ രോഗങ്ങളെക്കുറിച്ചും മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികളെക്കുറിച്ചും രോഗപ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും പൊതുജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും ബോധവത്ക്കരണ ത്തിനായുള്ള പ്രദർശനങ്ങൾ അടക്കമുള്ള ഐ.ഇ.സി പരിശീലനങ്ങൾ.** |
| (ബി) | ചിക് സെക്സിംഗ് ആൻഡ് ഹാച്ചറി മാനേജ്മെന്റ് കോഴ്സ് ഏത് വർഷമാണ് ആരംഭിച്ചതെന്നും പ്രസ്തുത കോഴ്സ് പഠിക്കാനാവശ്യമായ യോഗ്യതകൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ; | (ബി) | **1967-ൽ 13/10/1967 ലെ GO(rt) No 2871/67/Agri നമ്പർ ഉത്തരവ് പ്രകാരം ചിക് സെക്സിംഗ് ആൻഡ് ഹാച്ചറി മാനേജ്മെന്റ് കോഴ്സ് ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ ആരംഭിച്ചു. തുടർന്ന് 1983 ൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ H4/3223/84 dtd 31/1/1984 നമ്പർ ഉത്തരവ് പ്രകാരം കുടപ്പനക്കുന്ന് എൽ.എം.ടി.സി-യിലും പ്രസ്തുത കോഴ്സ് ആരംഭിക്കുകയും ടി കോഴ്സിന്റെ ഹെഡ് ക്വാർട്ടർ കുടപ്പനക്കുന്ന് എൽ.എം.ടി.സി ആയി നിശ്ചയിക്കുകയും ചെയ്തു.**<br><br>**പത്താം ക്ലാസ് പാസായതും, കാഴ്ചക്കുറവോ, കൈവിരലുകൾക്ക് അപാകതയോ ഇല്ലാത്തതുമായ 25 വയസ്സിൽ താഴെയുള്ള കുട്ടികൾക്കാണ് ഈ കോഴ്സ് പഠിക്കാൻ യോഗ്യത തീരുമാനിക്കപ്പെട്ടിട്ടുള്ളത്.** |
| (സി) | തിരുവനന്തപുരം കുടപ്പനക്കുന്ന് ചിക് സെക്സിംഗ് സ്കൂളിൽ ആദ്യ പതിനഞ്ച് ബാച്ചുകളിലെ ഓരോ കോഴ്സിലും പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം, പേര്, ജാതി, ജനന തീയതി, മേൽവിലാസം എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ; | (സി) | **മേൽ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല** |
| (ഡി) | പ്രസ്തുത സ്കൂളിൽ ആദ്യ പതിനഞ്ച് ബാച്ചുകളിൽ പഠനം പൂർത്തീകരിച്ച വിദ്യാർത്ഥികളുടെ പേര്, മേൽവിലാസം, ജാതി, പാസ്സായ വർഷം, മാസം, തീയതി, മാർക്ക് ശതമാനം, റാങ്ക് ലിസ്റ്റ് എന്നിവ രേഖപ്പെടുത്തിയ രജിസ്റ്ററുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | **മേൽ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല** |
| (ഇ) | പ്രസ്തുത ബാച്ചുകൾക്ക് അനുവദിച്ച കോഴ്സ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയ രജിസ്റ്ററിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ? | (ഇ) | **മേൽ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല** |

സെക്ഷൻ ഓഫീസർ